"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള സമയപരിധി ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.128/2023/LSGD തീയതി,തിരുവനന്തപുരം, 16-01-2023

പരാമർശം:- 1. സ.ഉ.(കൈ)നം.246/2022/തസ്വഭവ; തീയതി 04.11.2022

2. വികേന്ദ്രീകൃതാസൂത്രണ സംസ്ഥാന തല കോഓർഡിനേഷൻ കമ്മിറ്റിയുടെ 09.01.2023 ലെ യോഗത്തിലെ തീരുമാനം (ഇനം 3.1)

**ഉത്തരവ്**

തദ്ദേശഭരണ സ്ഥാപനങ്ങൾ അവയുടെ 2023-24 വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗനിർദ്ദേശങ്ങൾ മുകളിൽ പരാമർശിച്ചിട്ടുള്ള ഉത്തരവ് പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തുകളുടെയും നഗരഭരണ സ്ഥാപനങ്ങളുടെയും വാർഷിക പദ്ധതിക്ക് 2023 ജനുവരി 21-നകവും ബ്ലോക്ക് പഞ്ചായത്തുകളുടെയും ജില്ലാ പഞ്ചായത്തുകളുടെയും വാർഷിക പദ്ധതിക്ക് ജനുവരി 25-നകവും ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം നേടുന്ന രീതിയിലുള്ള ഒരു സമയക്രമമാണ് മേല്പറഞ്ഞ ഉത്തരവിലൂടെ നിശ്ചയിച്ചിട്ടുള്ളത്.

2. അടുത്ത വർഷത്തെ (2023-24) സംസ്ഥാന ബജറ്റ് ഫെബ്രുവരി ആദ്യം അവതരിപ്പിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. വിവിധ വിഭാഗങ്ങളിൽ ലഭ്യമാകുന്ന യഥാർത്ഥ തുക ബജറ്റിലൂടെ അറിയാൻ കഴിയും. യഥാർത്ഥ വിഹിതം അറിഞ്ഞതിനുശേഷം ആ തുകയെ അടിസ്ഥാനമാക്കി വാർഷിക പദ്ധതി അന്തിമമാക്കുകയാണെങ്കിൽ പദ്ധതി നടത്തിപ്പ് കൂടുതൽ സുഗമമായി നിർവഹിക്കുന്നതിന് കഴിയും. ഈ സാഹചര്യത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ 2023-24 വാർഷിക പദ്ധതി അന്തിമമാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കുന്നതിനുള്ള സമയക്രമം ചുവടെ പ്രതിപാദിക്കും വിധം പരിഷ്കരിച്ച് സർക്കാർ ഉത്തരവാകുന്നു.

| ക്രമ നം | പ്രവർത്തനം | അവസാന തീയതി |
|---|---|---|
| | **ഗ്രാമപഞ്ചായത്തുകളും നഗരഭരണ സ്ഥാപനങ്ങളും** | |
| 1. | വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കൽ | 2023 ഫെബ്രുവരി 25 |
| 2. | വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | 2023 മാർച്ച് 3 |
| | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ | |

| | | |
|---|---|---|
| 3. | പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്റ്റുകൾ അപ് ലോഡ് ചെയ്യൽ (ഗ്രാമപഞ്ചായത്തുകൾ) | 2023 മാർച്ച് 8 |
| **ബ്ലോക്ക് പഞ്ചായത്തുകളും ജില്ലാ പഞ്ചായത്തുകളും** | | |
| 1. | വാർഷിക പദ്ധതി തയ്യാറാക്കി ജില്ലാ ആസൂത്രണസമിതിക്ക് സമർപ്പിക്കൽ | 2023 മാർച്ച് 3 |
| 2. | വാർഷിക പദ്ധതിക്ക് ജില്ലാ ആസൂത്രണസമിതിയുടെ അംഗീകാരം | 2023 മാർച്ച് 7 |
| 3. | കേന്ദ്ര സർക്കാരിന്റെ ഇ-ഗ്രാംസ്വരാജ് പോർട്ടലിൽ പതിനഞ്ചാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിനിയോഗിക്കുന്നതിനുള്ള പ്രോജക്റ്റുകൾ അപ് ലോഡ് ചെയ്യൽ | 2023 മാർച്ച് 10 |

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ലീന എൻ പി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
2. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
3. എല്ലാ ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും
4. എല്ലാ കോർപ്പറേഷൻ മേയർമാർക്കും സെക്രട്ടറിമാർക്കും
5. എല്ലാ മുനിസിപ്പാലിറ്റി ചെയർമാൻമാർക്കും സെക്രട്ടറിമാർക്കും
6. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്
7. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്
8. ഡയറക്ടർ - റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്
9. ഡയറക്ടർ - അർബൻ, തദ്ദേശ സ്വയംഭരണ വകുപ്പ്
10. ഡയറക്ടർ, ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്
11. ചീഫ് എഞ്ചിനീയർ, തദ്ദേശ സ്വയംഭരണ വകുപ്പ്
12. ചീഫ് ടൗൺ പ്ലാനർ
13. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്
14. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും
15. എല്ലാ ജില്ലാ കളക്ടർമാർക്കും
16. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും
17. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്)
18. എല്ലാ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർമാർക്കും
19. എല്ലാ ജില്ലാ ടൗൺ പ്ലാനർമാർക്കും
20. എല്ലാ നഗരകാര്യ മേഖലാ ജോയിന്റ് ഡയറക്ടർമാർക്കും
21. എല്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും (ഇക്കണോമിക്സ് ആന്റ് സ്റ്റാറ്റിസ്റ്റിക്സ് വകുപ്പ്)
22. എല്ലാ അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർമാർക്കും (ജനറൽ)
23. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
24. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
25. ഡയറക്ടർ ജനറൽ, കില
26. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ

27. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം
28. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്
29. തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്
30. കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Nisam N
Date: 17-01-2023 10:44:07

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്
2. തദ്ദേശ സ്വയംഭരണ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്
3. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽസെക്രട്ടറിയുടെ (അർബൻ) പി.എയ്ക്ക്